# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P7)1747/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P7)1747/23 തീയ്യതി: 23/11/2023

# തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-02-2023 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി., ഓഡിറ്റ് ഓഫീസർ
ഹണി കെ.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീറ്റ ഡൊമിനിക്, ഓഡിറ്റർ
സ്വാലിഹ് സി.പി.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഷ്മ ഇ.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സിന്ധു ടി.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാനിബ ടി.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 23-11-2022 |
| സാജൻ സി ജേക്കബ്ബ് | അസിസ്റ്റന്റ് സെക്രട്ടറി | 24-11-2022 | 31-03-2023 |
| ജ്യോതിരാജ് പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| അമല ടി | കൃഷി ഓഫീസർ | 01-04-2022 | 31-12-2022 |
| രാഗേഷ് സി.ആർ | കൃഷി ഓഫീസർ | 01-01-2023 | 31-03-2023 |
| ജെറ്റ്സി മാത്യൂ പി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 31-08-2022 |
| സംഗീത പി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-09-2022 | 31-03-2023 |
| ശബ്ന കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 01-04-2022 |
| ലെസ്ലി വില്ലി എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02-04-2022 | 31-03-2023 |
| നിഖിൽജോസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| സിൻസി ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 28-01-2023 |
| ജ്യോതി ശ്രീധരൻ | വെറ്ററിനറി സർജ്ജൻ | 29-01-2023 | 31-03-2023 |
| സിൽവി സി ജി | ഹെഡ്മാസ്റ്റർ (ജി എൽ പി എസ്) | 01-04-2022 | 31-03-2023 |
| ഐശ്വര്യ പി ആർ | വി ഇ ഒ (പഴഞ്ഞി സർക്കിൾ) | 01-04-2022 | 31-03-2023 |
| രഘുനാഥൻ എ വി | വി ഇ ഒ (കാട്ടകാമ്പാൽ സർക്കിൾ) | 01-04-2022 | 31-03-2023 |
| രശ്മി പി ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 01-01-2023 |
| ഒഴിവ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 02-01-2023 | 11-01-2023 |
| സിനു സി വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ടോണിജോസഫ് എ എഫ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഹീര സുരേഷ് വി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കഴിഞ്ഞ വര്‍ഷത്തെ ബാലന്‍സ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തന്‍വര്‍ഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതില്‍ വ്യത്യാസം | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തന്‍വര്‍ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയില്‍ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേര്‍ത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | Directly Debited By Bank ആയി ചേര്‍ത്ത തുകകള്‍ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-4 |
| 6 | നല്‍കി 3 മാസത്തില്‍ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകള്‍ Stale Cheque ശീര്‍ഷകത്തിലേക്ക് മാറ്റിയില്ല | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു - ബാങ്കില്‍ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീര്‍ഷകത്തില്‍ ചെലവ് ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വസ്തു നികുതി -വാര്‍ഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വരവ് രജിസ്റ്ററുകള്‍ വാര്‍ഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വാര്‍ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയില്‍ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | മുന്‍കൂര്‍ തുക ഡിമാന്റ് രജിസ്റ്ററില്‍ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല /ബാലന്‍സ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ഡെപ്പോസിറ്റ് രജിസ്റ്റര്‍ വാര്‍ഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ആസ്തി രജിസ്റ്റര്‍ - ആസ്തികളുടെ കൃത്യത പരിശോധിക്കാന്‍ സാധിച്ചിട്ടില്ല | 1-1-13 |
| 15 | വായ്പ രജിസ്റ്റര്‍ വാര്‍ഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | ജേണല്‍ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയില്‍ അനുബന്ധ രേഖകള്‍ ഇല്ല | 1-1-16 |
| 18 | വസ്തു നികുതി മുന്‍കൂര്‍ - തുക സാങ്കല്പികമായി വര്‍ദ്ധിപ്പിച്ചു- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വര്‍ക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | "190000000-Prior Period Income"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ | 1-1-18 |

| | | |
|---|---|---|
| | വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | |
| 20 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. | 1-1-20 |
| 22 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-21 |
| 23 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി | 1-1-22 |
| 24 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-23 |
| 25 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-24 |
| 26 | ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-25 |
| 27 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-26 |
| 28 | തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-27 |
| 29 | Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല. | 1-1-28 |
| 30 | ബജറ്റ് | 1-2 |
| 31 | ഫണ്ട് വിനിയോഗം | 1-3 |
| 32 | പദ്ധതി അവലോകനം | 1-4 |
| 33 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 34 | ക്ഷേമപെൻഷനുകൾ | 1-6 |
| 35 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 36 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 37 | ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം | 1-9 |
| 38 | രസീതുപരിശോധന - അപാകങ്ങൾ | 1-10 |
| 39 | തൊഴിൽ നികുതി - അപാകങ്ങൾ | 1-11 |
| 40 | ആനക്കുണ്ട് തടാക നവീകരണം-മണ്ണ് ലേലം സംബന്ധിച്ച അപാകങ്ങൾ | 1-12 |
| 41 | ആസ്തികളിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 42 | വ്യാപാരലൈസൻസ് -അപാകങ്ങൾ | 1-14 |
| 43 | ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി | 1-15 |
| 44 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-16 |
| 45 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-17 |
| 46 | അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-18 |

| | | |
|---|---|---|
| 47 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-അധികം തുക നൽകി | 1-19 |
| 48 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി -- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 49 | എസ്.എസ്.കെ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 50 | പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 51 | വീട് വാസയോഗ്യമാക്കൽ, ഭവന നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| 52 | ജനകീയ ഹോട്ടലിന് വാടക,കറന്റ് ബിൽ - തുക മുൻകൂറായി അനുവദിച്ചത് | 1-24 |
| 53 | മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ-അപാകതകൾ | 1-25 |
| 54 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല | 1-26 |
| 55 | മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 1-27 |
| 56 | കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല | 1-28 |
| 57 | ബെയ്ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 58 | ഐ എച്ച് ഡിപി കോളനി കുടിവെള്ള പദ്ധതി-- മോട്ടോർ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 59 | വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 60 | ഡെപ്പോസിറ്റ് പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 61 | ആശ്രയവിഭാഗത്തിന് വീട് റിപ്പയറിംഗിന് തുക കൈമാറിയത് ചെലവഴിച്ചിട്ടില്ല. | 1-33 |
| 62 | ഹരിതകർമ്മസേനക്കായി വാങ്ങിയ വാഹനം കൈമാറിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-34 |
| 63 | സമ്പൂർണ്ണഭവനപദ്ധതി ലോൺ തിരിച്ചടവ് - ബാങ്ക് വ്യത്യസ്ത രീതിയിൽ പലിശ ഡിമാന്റ് ചെയ്യുന്നു. | 1-35 |
| 64 | മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.07.2023 ലെ 18/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:തൃശ്ശൂർ

തീയതി: 23.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-2 കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യത തൻവർഷത്തെ മുന്നിരിപ്പായി രേഖപെടുത്തിയതിൽ വ്യത്യാസം

2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | 2021-22 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| | | Dr | Cr | Dr | Cr | Dr | Cr |
| 1 | 431600199 – Receivables From Government(redemption Amount) / 431409999 – Receivables From Government(Others) | 850845 | 0 | 829824 | 0 | 21021 | 0 |
| 2 | 310100101 Panchayat Fund - General Fund | 0 | 9892860 | 0 | 9871839 | 0 | 21021 |

2021-22 വർഷത്തെ വാർഷിക കണക്കിന്റെ ഓഡിറ്റിന് ശേഷം 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ കണക്കുകളിൽ മാറ്റം വരുത്തിയതായി മേൽപട്ടികയിൽ നിന്ന് വ്യക്തമാണ്. പട്ടികയിൽ കാണിച്ചിട്ടുള്ള വ്യത്യാസമുള്ള 21021 രൂപ കുന്നംകുളം സബ് ട്രഷറിയിലെ 799011400006238 എന്ന അക്കൗണ്ടിൽ നിന്നും 21.3.2022 തീയതിയിൽ Resumption No 1240/22/f2/try Dt.21/3/2022 പ്രകാരം സർക്കാരിലേക്ക് പോയിട്ടുള്ളതാണ് (വൗച്ചർ നമ്പർ 22101551/30.3.2022). പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ 2022-23 വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ മേൽതുക (21021/- രൂപ) കുറച്ചുള്ള തുകയാണ് 2022-23 വർഷത്തിൽ സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളത്. മേൽ തുക ലഭിക്കാത്തതിനുള്ള കാരണം വ്യക്തമല്ല.

2021-22 വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് തുകകൾ എല്ലാം തന്നെ 2022-23 വർഷത്തെ വാർഷിക കണക്കിന്റെ മുന്നിരിപ്പായി രേഖപെടുത്തി 2022-23 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുകയും മേൽ തുക തിരികെ ലഭ്യമാവില്ല എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ചട്ടപ്രകാരമുള്ള ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവയോടു കൂടിയ ജേർണൽ എൻട്രി മുഖേന ബന്ധപ്പെട്ട ശീർഷകത്തിൽ രേഖപെടുത്തലുകൾ നടത്തുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. അതിനു പകരം തുല്യ തുകകൾ ആസ്തി/ ബാധ്യത ശീർഷകങ്ങളുടെ മുന്നിരിപ്പിൽ വ്യത്യാസം വരുത്തിയത് ചട്ടലംഘനമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3988397 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6576050 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-4 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

SBI-Epayment ...59705- (67391159705) അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം "Directly Debited By Bank" എന്ന ഇനത്തിൽ 13309/- രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് പാസ്ബുക്ക്/ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇത്തരം ഒരു ഇടപാട് നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് രേഖപ്പെടുത്തുകയും ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-5 നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

OWN FUND TDCB ..55480-( 10721055480) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 26711 | 26.4.2022 | 1200 |
| 21094 | 29.9.2020 | 3088 |
| 23663 | 21.7.2021 | 2839 |
| 23602 | 13.9.2021 | 400 |
| 21840 | 5.3.2021 | 2800 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-6 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല

1. OWN FUND TDCB ..55480-( 10721055480) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 539523/- രൂപ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 523523/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2. SBI-Epayment ...59705-( 67391159705) എന്ന ബാങ്ക് അക്കൗണ്ടിന്റെ 2023 മാർച്ച് മാസത്തിലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 2990/- രൂപ "Cheques Deposited But Not Cleared" ആയി

ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 1580/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

### 1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant, CFC Tied Grant , CFC Performance Grant, Development Fund - General, Development Fund - Special Component Plan എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 43/23 Safety Equipments For Harithakarmasena | 42200887/ 30.3.2023 | 11000 | 251130011 - Sanitation And Waste Management (Individual) - Material Recovery Facility | ഉചിതമായ ആസ്തി ശീർഷകം. | Development Fund - Central Finance Commission Grant – Tied Fund |
| 2 | 47/23 Protection Of Chirakkulam | 42201123/ 4.3.2023 | 426947 | 250102202 – Water Conservation-Water Conservation-Lake Maintenance | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Performance Grant |
| 3 | 215/23 Mill Road Renovation | 42200860/ 28.3.2023 | 99954 | 252110004 Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| 4 | 50/23 Devi Nagar Ponnam Thodu Renovation Side Protection Works | 42200942/ 23.5.2022 | 181977 | 250102304 – Flood Mitigation-Maintenance Of Water | ഉചിതമായ ആസ്തി ശീർഷകം | Development Fund - General |

| | | | | | | |
|---|---|---|---|---|---|---|
| | | | | Drainage Canal | | |
| 5 | 50/23 Devi Nagar Ponnam Thodu Renovation Side Protection Works | 42200994/ 29.11.2022 | 44941 | 250102304 – Flood Mitigation-Maintenance Of Water Drainage Canal | ഉചിതമായ ആസ്തി ശീർഷകം | |
| 6 | 134/23 Pattithadam Link Road 1 St Reach Concreting Ward 1 | 42201214/ 28.3.2023 | 348611 | 252110004 Roads-Concreting | ഉചിതമായ ആസ്തി ശീർഷകം | |
| 7 | 63/23 Thachumpuram Road Construction | 42200939/ 7.5.2022 | 434762 | 252110003 Roads-Side Wall | ഉചിതമായ ആസ്തി ശീർഷകം | Development Fund - Special Component Plan |
| 8 | 63/23 Thachumpuram Road Construction | 42200947/ 4.7.2022 | 148690 | 252110003 Roads-Side Wall | ഉചിതമായ ആസ്തി ശീർഷകം | |
| 9 | 120/23 Street Main Extension At SC Colony | 42201142/ 15.3.2023 | 30858 | 252100004 Street Lights | ഉചിതമായ ആസ്തി ശീർഷകം | |
| 10 | 120/23 Street Main Extension At SC Colony | 42201229/ 31.3.2023 | 169142 | 252100004 Street Lights | ഉചിതമായ ആസ്തി ശീർഷകം | |
| ആകെ | | | 1896882 | | | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

### 1-1-8 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ

ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും, സർവീസ് സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1. തൻവർഷം

1.1റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2096692 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2085778<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

1.2നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1426647 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1406168<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

2. കുടിശ്ശിക

2.1റെസിഡൻഷ്യൽ

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1425 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 0*<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2023 ലെ 42100017 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർദ്ധിപ്പിച്ചിട്ടുണ്ട് (1425 രൂപ).

3. സർവീസ് സെസ്

3.1 തൻവർഷം

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 354640 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 351854<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

3.2 കുടിശ്ശിക

| | ഡിമാന്റ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 144 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 0* |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*31.3.2023 ലെ 42100020 നമ്പർ വൗച്ചർ പ്രകാരം 190100101- Prior Period Income-Property Tax എന്ന നോമിനൽ ശീർഷകത്തിൽ നിന്നും സാങ്കല്പികമായി ഡിമാൻഡ് തുക വർദ്ധിപ്പിച്ചിട്ടുണ്ട് (144 രൂപ).

4. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 173858 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 178062 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 180000 രൂപയാണ്. (വൗച്ചർ 42100021 തീ 31.3.2023 (108621+73+71306=180000)

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 19662 | 139263 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 16836 | 96619 |
| 3 | 350410105-Advance Collection Of Revenues-Service Cess On Property Tax | 1802 | 13139 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

### 1-1-9 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

1. കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് | റസീറ്റ് & | രജിസ്റ്റർ |
|---|---|---|---|

| | എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക (I-1) | പേയ്മെന്റ് പത്രിക പ്രകാരം (RP-1) | പ്രകാരം കളക്ഷൻ |
|---|---|---|---|
| 110200102 Profession Tax - Employees | 889050 | 848800 | 848800 |

2. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

| ഇനം | | ഡിമാന്റ് (I-1/I-4) | കളക്ഷൻ (RP-45) | മുൻകൂർ ക്രമീകരിച്ചത് (RP-35/B-9) | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|---|
| ലൈസൻസ് | രജിസ്റ്റർ പ്രകാരം | 112000 | 112000 | 0 | - | 0 |
| | വാർഷിക കണക്ക് പ്രകാരം | 301500 | 112000 | 195500 | - | 0 |
| തൊഴിൽ നികുതി-ട്രേഡേഴ്സ് | രജിസ്റ്റർ പ്രകാരം | 189810 | 189810 | 0 | - | 0 |
| | വാർഷിക കണക്ക് പ്രകാരം | 399760 | 189810 | 209950 | - | 0 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-10 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെയും, RP-4 ഷെഡ്യൂളിലെ 140110109 Licence Fees For Domestic Dogs And Pigs ,140500209 Restoration Charges For Road Cutting എന്നീ ഇനങ്ങളുടെയും, സ്ഥാപന തൊഴിൽ നികുതിയുടെയും വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

3. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ 320100130 Member Of Parliament Local Development Scheme, 320200111 Maintenance Grant - Non-Road എന്നീ ശീർഷകങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-11 മുൻകൂർ തുക ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല /ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 222720 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Enterprenuers And Other Services | 192500 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-12 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി (RP-33 (R), RP-33(P)) പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 340100401 – Road Cutting Deposits | Payment | 35816 | Payment | 34816 |
| | Receipts | 34816 | Receipts | 26449 |

2. 340200102 – Auction Deposit എന്ന നിക്ഷേപത്തിന്റെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-13 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-14 വായ്പ രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വായ്പാ രജിസ്റ്റർ, വായ്പ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ എന്നിവയിലെ 31.3.2023 നീക്കിയിരുപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വായ്പ രജിസ്റ്റർ | വായ്പ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക് |
|---|---|---|---|

| | പ്രകാരം | പ്രകാരം | പ്രകാരം |
|---|---|---|---|
| 330500102 Secured Loan From CoOperative Banks | 3180372 | 3093307 | 3093307 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-15 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ 172 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം (31.3.2023 തീയതിയിൽ) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-16 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-17 വസ്തു നികുതി മുൻകൂർ - തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

1. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2022-23 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2022-23ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410105-Advance Collection Of Revenues-Service Cess On Property Tax | 2425 | 3410 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 3869 | 6558 |

2. തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 691 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും 190100101- Prior Period Income-Property Tax എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.1 നോൺ-റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100023 | 31.3.2023 | 691 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-18 "190000000-Prior Period Income"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "190000000-Prior Period Income", എന്ന

ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | 878 (1569 രൂപ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്നു) |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-19 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-20 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1. 1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ഒന്നിലേറെ ബാധ്യതകൾ യോജിപ്പിച്ച് ഒറ്റ ബാധ്യതയാക്കി മാറ്റിയിട്ടുണ്ട്. ഉദാ: 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ 350410105,350410106 എന്നീ ശീർഷകങ്ങളിലെ നീക്കിയിരുപ്പ് (യഥാക്രമം 1656,769 രൂപ) ILGMS 2022-23 സാമ്പത്തിക വർഷത്തിൽ സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ 350410105 എന്ന ഒറ്റ ശീർഷകത്തിൽ മുന്നിരിപ്പായി (2425 രൂപ) നൽകി. ഇപ്രകാരം യോജിപ്പിച്ചതിനു ആധികാരികമായി വർക്ക് ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

3. 31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ

സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-21 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

1, 2022-23 വർഷത്തെ Income And Expenditureപത്രിക പ്രകാരം 8470333 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-22 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 774000 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation (416100110 Accumulated Depreciation - Other Fixed Assets) 936981 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

1-1-23 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 1168491 | 450210102 | KERALA BANK-TDCB PFMS 15TH CFC...7970-( 80015197970) | 4893399 |

| | | | |
|---|---|---|---|
| | 320200113 | Development Fund - Central Finance Commission Grant –Tied Fund | 3724161 |
| | | | ആകെ : 4892652 |

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-24 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210101 | Canara 14th Fin ...00516-(071720100516) | 1056883 |
| 2 | 450210101 | SBT PLAN ...80012-(57019580012) | 3641070 |
| 3 | 450210102 | TDCB-DISTRESS RELIF FUND...65031-(80012565031) | 202 |
| 4 | 450210104 | VPFA-III_7-(VPFAIII7) | 8572 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2023-24 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-25 ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ പാസ് ബുക്കുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ അക്കൗണ്ടുകൾ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് | ഉദ്ദേശ്യം | 31.3.2023 ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | Treasury Account (799012900000208) | STSB | 0 |
| 2 | Canara Bank (110048809779) | Health Grant Towards Buildingless Subscentres &PHCs &CHCs | 0 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-1-26 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്ക് I-4 പ്രകാരം 140500209 Restoration Charges For Road Cutting എന്ന ശീർഷകത്തിലെ 31.3.2023 ലെ നീക്കിയിരുപ്പ് (-)8367 രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 12115010864/ 23.9.2021 എന്ന രസീത് മുഖേന റോഡ് കട്ടിങ് ഡെപ്പോസിറ്റ് ആയി ലഭിച്ച 8367 രൂപ 2021-22 വർഷത്തിൽ 140500209 Restoration Charges For Road Cutting എന്ന ഇനത്തിൽ വരവ് വെക്കുകയും 340100401 Road Cutting - Deposit എന്ന ശീർഷകത്തിലേക്ക് ജേർണൽ മുഖേന മാറ്റാതിരിക്കുകയും പിന്നീട് 31.3.2023 ലെ 42201234 നമ്പർ വൗച്ചർ പ്രകാരം 340100401 Road Cutting - Deposit എന്ന ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചത്. മുൻവർഷം ലഭിച്ച വരവ് തൻ വർഷത്തിൽ ജേർണൽ മുഖേന മാറ്റുമ്പോൾ "190000000-Prior Period Income", എന്ന ഷെഡ്യൂളിലെ ഉൾപ്പെടുന്ന ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്. ഭാവിയിൽ ഇത്തരം അപാകത വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

### 1-1-27 തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | ക്യാഷ് ബുക്ക് പ്രകാരം | 0 | 1116945 | 1116945 | 1116945 | 0 |
| | വാർഷിക കണക്ക് പ്രകാരം | 0 | 1116945 | 1116945 | 1116063 | 882 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | ക്യാഷ് ബുക്ക് പ്രകാരം | 0 | 26386900 | 26386900 | 26386900 | 0 |
| | വാർഷിക കണക്ക് പ്രകാരം | 0 | 26386900 | 26386900 | 26387782 | -882 |
| ആകെ | ക്യാഷ് ബുക്ക് പ്രകാരം | 0 | 27503845 | 27503845 | 27503845 | 0 |
| | വാർഷിക കണക്ക് പ്രകാരം | | 27503845 | 27503845 | 27503845 | 0 |

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

### 1-1-28 Capital Contribution ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടില്ല.

വ്യത്യസ്ത ഗ്രാന്റുകളുടെ ലെഡ്ജർ പരിശോധിച്ചു. ഗ്രാന്റുകൾ ഉപയോഗിച്ച് നടത്തിയ മൂലധന പ്രവർത്തികൾക്ക് തത്തുല്യമായ തുക " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | ലെഡ്ജർ പ്രകാരം ചെയ്ത മൂലധന | ലെഡ്ജർ പ്രകാരം " Capital Contribution" | വ്യത്യാസം |
|---|---|---|---|---|

| | | പ്രവർത്തികളുടെ ആകെ തുക | എന്ന ശീർഷകത്തിലേക്ക് ചേർത്ത തുക | |
|---|---|---|---|---|
| 1 | വികസന ഫണ്ട്-എസ്.സി.പി | 1124535 | 970750 | 153785 |
| 2 | മെയിന്റനൻസ് ഫണ്ട്- റോഡ് | 7551680 | 0 | 7551680 |
| 3 | സി.എഫ്.സി ടൈഡ് ഫണ്ട് | 44744 | 40968 | 3776 |

2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച വ്യത്യാസമുള്ള മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകക്ക് തത്തുല്യമായ തുക “Prior Period Income ” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ നിക്ഷേപ പ്രവർത്തിക്കായി നൽകിയ തുകകൾക്ക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് സൃഷ്ടിക്കപ്പെടുന്ന ആസ്തികൾക്ക് അനുയോജ്യമായ “Capital Contribution....” ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതും ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.03.2022 | 2(1) | 27479400 | 283782081 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 17.03.2023 | 1(1) | 225247302 | 225974820 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 17132000 | 17132000 | 15470346 | 1661654* |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 9589000 | 9589000 | 8995347 | 593653* |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 9391000 | 9391000 | 9165961 | 225039* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 5290000 | 5290000 | 4888576 | 401424* |
| സെൻട്രൽ ഫിനാൻസ് | ബാങ്ക് | 884998 | 4173000 | 5057998 | 1333837 | 3724161** |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് CFC TIED | | | | | | |
| | ട്രഷറി | 0 | 1381828 | 1381828 | 426947 | 954881* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് CFC UNTIED | ബാങ്ക് | 109604 | 2938197 | 3047801 | 1879310 | 1168491** |
| | ട്രഷറി | 0 | 80907 | 80907 | 80907 | 0 |
| HEALTH GRANT (DIAGOSTIC Infra To PHC) | | 0 | 308264 | 308264 | 117020 | 191244** |
| HEALTH GRANT (WELLNESS) | | 0 | 185210 | 185210 | 137961 | 47249** |
| ICDS | | 1154345 | 1028426 | 2182771 | 54823 | 2127948** |
| PMAY | | 140000 | 0 | 140000 | 0 | 140000** |
| M P LAD | | 0 | 826384 | 826384 | 0 | 826384** |
| Pandemic/Epidemic Control | | 21021 | 0 | 21021 | 0 | 21021** |
| Grants Other Than DVP Fund And State Sponsored – Other Purpose | | 281964 | 0 | 281964 | 0 | 281964** |
| Grants, Speicific Purpose , Other Govt Agencies | | 75369 | 0 | 75369 | 0 | 75369** |
| Total Sanitation | | 2769634 | 8406 | 2778040 | 2324372 | 453668 |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2) ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 211 | 96058232 | 172 | 54747190 | 56.99 | 81.51 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1116945 | 1116945 | 1116945 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരിയൽ കോസ്റ്റ് | 0 | 26386900 | 26386900 | 26386900 | 0 |
| ആകെ | 0 | 27503845 | 27503845 | 27503845 | 0 |

പഞ്ചായത്ത് ലഭ്യമാക്കിയ ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ഇത് വാർഷികകണക്കിലെ വിവരങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത വിവരം ഖണ്ഡിക 1-1-27 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1959800 | 160 |
| വിധവാപെൻഷൻ | 16161800 | 1440 |
| വാർദ്ധക്യകാലപെൻഷൻ | 23893400 | 2156 |
| വികലാംഗപെൻഷൻ | 3509800 | 313 |
| 50വയസ്സിന് മേൽ പ്രായം ഉള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1866800 | 167 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 300000 | 10 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.10.2023 തീയതിയിൽ 4pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12470/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

17.05.2022 ലെ തീരുമാനം 1(1) പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്നവ പഞ്ചായത്ത് കമ്മിറ്റിയോട് നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് ഉടങ്ങിയവയിൽ നിന്നും വരുമാനം ലഭ്യമാക്കുക, പഴഞ്ഞി ഹൈസ്കൂൾ ഗ്രൗണ്ട് സൗകര്യമൊരുക്കൽ/സൗന്ദര്യവത്ക്കരണം, പഴഞ്ഞി സ്കൂൾ ഗ്രൗണ്ടിലെ ഗാലറിയുടെ അടിവശം

വരുമാനദായകമായ പ്രൊജക്ടുകൾക്ക് ഉപയോഗയോഗ്യമാക്കൽ, കുടുംബശ്രീ വിപണനകേന്ദ്രം ഉപയോഗയോഗ്യമാക്കൽ, സ്രായിക്കടവ് സമീപം ടൂറിസം പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കൽ, കോട്ടോൽ സിഎച്ച്സി യിൽ വരുമാനദായകമായ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ, തെരുവ് വിളക്കുകൾ സോളാറിലേക്ക് മാറ്റൽ തുടങ്ങിയവയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ.

ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

05.07.2022ലെ തീരുമാനം നം. 2(1)ൽ നികുതി - നികുതിയേതര വരുമാന വർദ്ധനവ് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം സമ്പൂർണ്ണ നികുതി പിരിവ് കൈവരിക്കുന്നതിനായി ഡിമാൻറ് നോട്ടീസ് വിതരണം ചെയ്യുന്നതിന് ഹരിതകർമ്മസേനാംഗങ്ങളെ ചുമതലപ്പെടുത്തുന്നതിനും, നോട്ടീസ് വിതരണം ചെയ്യുന്നതിന് അനുസരിച്ച് നിയമാനുസൃതമായ തുക അവർക്ക് നല്കുന്നതിനും ഭരണസമിതിയോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട് (14.10.2022 തീരുമാനം നം. 3(1)). കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വസ്തു നികുതി കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്ററും തയ്യാറാക്കിയിട്ടില്ല.

നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് (ശതമാനം) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2019228 | 2103700 | 4.18 | 172 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1358276 | 1412726 | 4.00 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 433880 | 399760 (ട്രേഡേഴ്സ്) + 75010(സ്ഥാപനങ്ങൾ) = 474770 | 9.42 | |
| തൊഴിൽ നികുതി - ജീവനക്കാർ | 948440 | 889050 | - 6.26 | |
| ലൈസൻസ് ഫീസ് | 284550 | 301500 | 5.96 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ജീവനക്കാരുടെ തൊഴിൽ നികുതി ഒഴികെയുള്ള ഇനങ്ങളിലെ ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

തൊഴിൽ നികുതി –ജീവനക്കാർ, മുൻവർഷത്തെ ഡിമാന്റിനേക്കാൾ കുറവ് തുകയാണ് തൻവർഷം, എന്നതിന്റെ കാരണം പരിശോധിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വസ്തുനികുതി

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. ഭരണസമിതി യോഗത്തിന്റെ 07.09.2023 ലെ 16 (1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്‌ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്‌ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് R Track എന്ന സോഫ്റ്റ്‌വെയർ വഴി സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക പ്രശ്നം മൂലം തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. റോഡ് മാപ്പ് ലഭ്യമല്ലാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി വസ്തുനികുതിയുടെ 10% എന്ന നിരക്കിൽ (ജലവിതരണം-3%, ശുചിത്വ പരിപാലനം-4%, തെരുവുവിളക്കുകൾ-2%, ഡ്രൈനേജ്-1%) പിരിച്ചെടുക്കുന്നുണ്ട്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

വിനോദനികുതി

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യതകളില്ല. ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, കേബിൾ ടിവി നെറ്റ്‌വർക്ക് എന്നിവയൊന്നും നിലവിൽ പഞ്ചായത്തിൽ ഇല്ല.

നികുതിയേതര വരവുകൾ

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും) ലൈസൻസ് ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.

ചട്ടം 24 പ്രകാരം ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ലേലം

മരങ്ങളുടെ ലേലം/പുനർലേലം എന്നിവ 2022-23 വർഷത്തിൽ നടന്നിട്ടുണ്ടെങ്കിലും ആരും ലേലം കൊണ്ടിട്ടില്ല. ആയതിന്റെ കാരണം പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണ്. ആനക്കുണ്ട് തടാക നവീകരണം പദ്ധതിയുടെ ഭാഗമായി ലഭിച്ച – മണ്ണിന്റെ ലേലം സംബന്ധിച്ച അപാകങ്ങൾ ഖണ്ഡിക 1-12

ൽ പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഏതാനും ആസ്തികൾ സംബന്ധിച്ച് ഖണ്ഡിക 1-13 ൽ കൊടുത്തിട്ടുള്ളത് കൂടാതെ നിഷ്ക്രിയ ആസ്തികൾ ഉണ്ടോ എന്ന് സ്ഥലപരിശോധന നടത്തി കണ്ടെത്തേണ്ടതും, പ്രസ്തുത ആസ്തികളിൽ നിന്നും വരുമാനം ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.
തനതു വരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തായതിനാൽ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (ഭാവിയിൽ വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
സ്രായിക്കടവ് സമീപം ടൂറിസം പ്രവർത്തനങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള സാധ്യതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 രസീതുപരിശോധന - അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. താഴെ പറയുന്ന രസീത് ബുക്കുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | സ്വീകരിച്ച ആൾ | അവസാനത്തെ രസീതിന്റെ നമ്പറും തീയതിയും |
|---|---|---|---|
| 1 | 6813 | അഗ്രികൾച്ചർ ഓഫീസർ | 11/16.02.2023 |
| 2 | 6809 | വെറ്ററിനറി സർജൻ | 20/06.01.2023 |

2. 6816, 6817, 6818 എന്നീ രസീത് ബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 )

3. പഞ്ചായത്തിൽ പ്രതിദിന കളക്ഷൻ തുക അതത് ദിവസമോ തൊട്ടടുത്ത ദിവസമോ തനത് ഫണ്ടിൽ അടവാക്കുന്നതായി ബാങ്ക് സ്റ്റേറ്റ്മെന്റുകളുടെ പരിശോധനയിൽ കാണുന്നു. എന്നാൽ പല ദിവസങ്ങളിലെയും (ഉദാ: 02/23 മുതൽ 05/23 വരെയുള്ള മിക്ക ദിവസങ്ങളിലും) കാഷ് ബുക്ക് പ്രകാരം പ്രതിദിന കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതായി രേഖപ്പെടുത്തുന്നില്ല (കോൺട്രോ എൻട്രി ഇടുന്നില്ല). ആയതിനാൽ കാഷ് ബുക്ക് പ്രകാരമുള്ള കാഷ് നീക്കിയിരിപ്പും യഥാർത്ഥ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. (കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം5 (4). അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.19/11.10.2023, 35/13.10.2023)

## 1-11 തൊഴിൽ നികുതി - അപാകങ്ങൾ

1. തൊഴിൽ നികുതി – കരാറുകാർ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/10.10.2023) കരാറുകാരിൽ ശ്രീ.അഷറഫ് പി. എച്ച്. തൊഴിൽനികുതി

അടവാക്കിയിട്ടുള്ളത് കടങ്ങോട് ഗ്രാമപഞ്ചായത്തിൽ ആണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ബിഎസ്എൻഎൽ, പഴഞ്ഞി - രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആർ ആർ നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി –ജീവനക്കാർ ബിഎസ്എൻഎൽ, പഴഞ്ഞിയിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.7/10.10.2023)

## 1-12 ആനക്കുണ്ട് തടാക നവീകരണം-മണ്ണ് ലേലം സംബന്ധിച്ച അപാകങ്ങൾ

തൃശ്ശൂർ കോർപ്പറേഷന്റെ നഗരസഞ്ചയ പദ്ധതിയിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് കാട്ടകാമ്പാൽ – പോർക്കുളം ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന 700 മീറ്റർ നീളവും 80 മീറ്റർ വീതിയുമുള്ള ആനക്കുണ്ട് തടാക നവീകരണം എന്ന പദ്ധതി രൂപീകരിക്കുകയും ആനക്കുണ്ടിന്റെ മുഴുവൻ ഭാഗത്തും മൂന്ന മീറ്റർ താഴ്ച്ചയിൽ മണ്ണെടുത്ത് ആഴം കൂട്ടി തടാകത്തിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും ഒരു കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിക്ക് അനുമതി ലഭ്യമാക്കി നടപടികൾ ആരംഭിച്ചു. 16.11.2021ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ തീരുമാനം 1(2) പ്രകാരം ആഴം കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് സ്റ്റാക്ക് ചെയ്യുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ എടുക്കുമ്പോൾ തന്നെ കൊണ്ടുപോകുന്ന തരത്തിൽ ടെൻഡറും അനുബന്ധപ്രവർത്തികളും ചെയ്യുന്നതിന് തീരുമാനിക്കുകയും ലേല പരസ്യം ചെയ്യുകയും 11.2.2022 തീയതി രണ്ടുമണിക്ക് ലേലം നടത്തുകയും ചെയ്തു.

A) ആനക്കുണ്ട് തടാകം നവീകരണം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തിയുടെ ആദ്യലേലത്തിൽ മീറ്റർ ക്യൂബിന് 123 രൂപയാണ് പഞ്ചായത്ത് നിശ്ചയിച്ചിരുന്നത്. ടി തുകയ്ക്കാണ് ലേലം ആരംഭിച്ചതും. ആദ്യലേലത്തിന്റെ കരാറുകാരൻ ശ്രീ രാധാകൃഷ്ണൻ എം.വി. എന്ന വ്യക്തി ക്യൂബിക് മീറ്ററിന് 751/- രൂപ നിരക്ക് സീൽഡ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ് (15.2.2022 ലെ തീരുമാനം 3(1)). ആനക്കുണ്ട് തടാകത്തിൽ 98.20% ചളി കലർന്ന കളിമണ്ണ് എന്ന തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നിന്നുമുള്ള പരിശോധന റിപ്പോർട്ടിന്റെ പിൻബലത്തിലാണ് ടി ലേലം നടത്തിയിട്ടുള്ളത്. ലേലത്തെ തുടർന്ന്, ലേലം കൊണ്ടയാൾ പദ്ധതി പ്രദേശത്ത് 8 അടി വരെ താഴ്ത്തി നോക്കിയപ്പോൾ കളിമണ്ണിന്റെ അളവ് ഒരടി മാത്രമാണെന്നും മുകളിൽ മൂന്ന് അടി വരെ ചണ്ടിയും പൂതക്കറ്റി പോലുള്ള കറുത്ത ചേടിയും ആണ് കാണപ്പെട്ടതെന്നും തനിക്ക് ഭീമമായ നഷ്ടം വരും എന്നതിനാൽ 36048000 +5% ജിഎസ്ടി =37850400/- എന്ന തുക അടവാക്കുന്നതിൽ നിന്ന് ടിയാൾ പിന്മാറുകയും, പഞ്ചായത്തിൽ അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 50000/- രൂപ പഞ്ചായത്ത് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ മേൽ നടപടിക്കെതിരെ ശ്രീ രാധാകൃഷ്ണൻ എം.വി., ഹൈക്കോടതിയിൽ WP(C) No.10475 Of 2022 നമ്പർ കേസ് ഫയൽ ചെയ്തു.

പുനർലേലം നടത്തേണ്ടിവന്നതു മൂലം പഞ്ചായത്തിന് നഷ്ടമുണ്ടായതിനാൽ 26913600/- രൂപ നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും തുക അടവാക്കാത്ത പക്ഷം ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽനിന്നും റവന്യൂ റിക്കവറി നടത്തി തുക തനത് ഫണ്ടിലേക്ക് സ്വരുക്കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് ശ്രീ രാധാകൃഷ്ണന് നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട് (06.06.2022ലെ A2/2987/22 നം.ഉത്തരവ്). ഇതിനെതിരെ ശ്രീ രാധാകൃഷ്ണൻ എം.വി., ഹൈക്കോടതിയിൽ WP(C) No.22653 Of 2022 നമ്പർ കേസ് പഞ്ചായത്തിനെതിരെ ഫയൽ ചെയ്യുകയും പഞ്ചായത്ത് നിലവിൽ ടിയാനുമായി കേസ് നടത്തി വരികയും ചെയ്യുന്നുണ്ട്. 22.08.2022, 21.10.2022 , 24.11.2022 , 19.12,2022 എന്നീ തീയതികളിൽ യഥാക്രമം 2 മാസം, 1 മാസം, 2 മാസം, 2 മാസം എന്നിങ്ങനെ ഇടക്കാല സ്റ്റേ ഉത്തരവുകൾ നല്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 2022 ന് ലഭ്യമായ രണ്ടു മാസത്തെ സ്റ്റേ നടപടികൾക്ക് ശേഷം നിലവിലെ അവസ്ഥ വ്യക്തമല്ല. സ്റ്റേ വെക്കേറ്റ് ചെയ്തതിന്റെ വിവരം ഫയലിൽ നിന്നും ലഭ്യമായില്ല. കേസിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

B) 28.04.2022ൽ നടന്ന പുനർ ലേലം പ്രകാരം ഒരു മീറ്റർ ക്യൂബിന് 217/- രൂപ നിരക്കിൽ ശ്രീ അബ്ദുല്ല വി.വി.

വെട്ടിക്കാട് വീട്, നന്നമുക്ക്, മലപ്പുറം എന്നയാൾക്ക് ലേലം ഉറപ്പിച്ചു നൽകുകയും 10416000 രൂപ (വൗച്ചർ നം.1220200430), 07.05.2022-ൽ ടിയാൾ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു. എന്നാൽ ജി എസ് ടി തുക മേൽ തുകയോടൊപ്പം അടവാക്കിയില്ല. തുടർന്ന് ടിയാൻ 09.05.2022 ൽ 5% ജിഎസ്ടി തുകയായ 520800/- രൂപയുടെ ചെക്ക് നൽകി (ചെക്ക് നമ്പർ 758787, വൗച്ചർ നം.1220200440/തീ.09.05.2022) ). തുടർന്ന് 14.06.2022 ന് ഗ്രാമപഞ്ചായത്ത്, ജി എസ് ടി ഇനത്തിൽ 496050/- (CGST- 248025/-, SGST- 248025/-) തനതുഫണ്ടിൽ നിന്നും അടവാക്കി. എന്നാൽ അക്കൗണ്ടിൽ മതിയായ തുക ഇല്ലാത്തതിനാൽ കരാറുകാരൻ നൽകിയ ചെക്ക് മടക്കുന്നതായി തൃശ്ശൂർ ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - ബാങ്കിൽ നിന്നും 03.06.2022 തീയതിയിൽ പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബാങ്കിൽ സമർപ്പിച്ച ചെക്ക് മടങ്ങിയതിനെ തുടർന്ന് 15 ദിവസത്തിനുള്ളിൽ ചെക്ക് പ്രകാരമുള്ള തുകയും, ചെക്ക് മടങ്ങിയത് മൂലമുള്ള ബാങ്ക് ചാർജ്ജസ്, പലിശയിനത്തിലെ നഷ്ടം എന്നിവ യഥാവിധി പഞ്ചായത്തിൽ അടവാക്കുന്നതിനും അല്ലാത്തപക്ഷം നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് കരാറുകാരന് പഞ്ചായത്ത് രജിസ്റ്റേർഡ് നോട്ടീസ് അയച്ചിരുന്നു (14.03.2023ലെ നം.400673/DPPl10/GPO/2023/3584/(1)). നോട്ടീസ് അയച്ചിട്ടും കരാറുകാരനായ ശ്രീ അബ്ദുല്ല വി.വി എന്നവർ മേൽ തുക അടവാക്കിയിട്ടില്ലാത്തതാണ്. 31.03.2023 വരെ പലതവണ ടിയാൾ സംഖ്യ നൽകുവാൻ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അടവാക്കുകയുണ്ടായില്ല. ഇതേത്തുടർന്ന് കുന്നംകുളം JFCM കോടതി മുമ്പാകെ 12.04.2023 ന് ഗ്രാമപഞ്ചായത്ത് അന്യായം ഫയൽ ചെയ്തിട്ടുണ്ട്. കേസിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

മേൽ ലേലം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നിന്നുമുള്ള പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആദ്യലേലം നടന്നത്. തടാകത്തിൽ നിന്നും ശേഖരിച്ച മണ്ണിന്റെ സാമ്പിൾ ലേലസമയത്ത് ലേലത്തിൽ പങ്കെടുക്കുന്നവർക്ക് പരിശോധനയ്ക്ക് നൽകിയിരുന്നു. ഉയർന്ന വിലയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തു. ലേലംകൊണ്ടതിനുശേഷം ആദ്യലേലക്കാരൻ മണ്ണിന്റെ ഗുണനിലവാരം സംബന്ധിച്ച് സംശയങ്ങൾ ഉന്നയിക്കുകയും ഗുരുതരമായ ആരോപണങ്ങൾ നിരത്തുകയും ലേലത്തിൽ നിന്നും പിൻമാറുകയും ചെയ്തപ്പോൾ ഒരിക്കൽ കൂടി മണ്ണ് സാമ്പിൾ പരിശോധിച്ചശേഷം പുനർലേലം നടത്താമായിരുന്നു.
2. ലേലത്തുകയോടൊപ്പം ജി എസ് ടി തുക അടവാക്കിയിട്ടില്ല എന്നത് പണം കൈപ്പറ്റുമ്പോൾ തന്നെ ഉറപ്പാക്കണമായിരുന്നു. ജി എസ് ടി തുക പിന്നീട് അടവാക്കാം എന്ന ടിയാളുടെ ഉറപ്പിന്മേലാണ് മണ്ണിന്റെ വാല്യവേഷൻ തുക അടവാക്കുന്നതിന് അനുവദിച്ചത് എന്നാണ് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയത്.
ലേലം കൊണ്ട വ്യക്തിയിൽ നിന്നും മുഴുവൻ തുകയും ലഭ്യമാകുന്നതിനു മുൻപ് ജിഎസ്ടി തുക അടവാക്കി. ചെക്ക് മാറി തുക ലഭ്യമാകുന്നതിനു മുൻപ് തനത്ഫണ്ടിൽ നിന്നും തുക അടവാക്കുന്ന നടപടി ഒഴിവാക്കാമായിരുന്നു.
3. 10416000 രൂപ വരവിന് ജി എസ് ടി തുകയായി 496050/- രൂപയാണ് (CGST- 248025/-, SGST- 248025/-) അടവാക്കിയത്. 5% നിരക്കിൽ അടവാക്കേണ്ടിയിരുന്നത് 520800/- ആണ്.
ലേലത്തുകയോടൊപ്പം ജി എസ് ടി തുകയുടെ ചെക്ക് മടങ്ങി എന്നതിനാൽ ടിയാൻ നൽകിയ ലേല തുക ജി എസ് ടി ഉൾപ്പെടെയുള്ള തുക എന്ന രീതിയിൽ ക്രമീകരിച്ച്, കൈപ്പറ്റിയ തുകയുടെ അനുപാതികമായി ജിഎസ്ടി ക്രമീകരിച്ച്, ജി എസ് ടി ഇനത്തിൽ തുക അടവാക്കുകയായിരുന്നു.

5. 150100108 എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ വൗച്ചർ നം. 1220200440/തീ.09.05.2022 10416000/- രൂപ വരവായി ചേർത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ജി എസ് ടി അടവാക്കിയതിനാൽ, ജി എസ് ടി ഒഴികെയുള്ള തുകയാണ് വരവായി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്.
6. കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുള്ളതിൽ, പഞ്ചായത്ത് ജി.എസ്. ടി. തുക അടവാക്കിയ എന്ന വിവരം ഉൾചേർത്തിട്ടില്ല.

എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജിയോളജി വകുപ്പിൽ നിന്ന് മണ്ണിന്റെ സാമ്പിൾ എടുത്ത് ലാബിൽ പരിശോധിച്ച് അതിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇത് പ്രകാരം മണ്ണിൽ ചെളി കലർന്ന കളിമണ്ണിന്റെ സാന്നിധ്യം കുറവാണ്. തൃശ്ശൂർ ഗവൺമെന്റ്

എഞ്ചിനീയറിങ് കോളേജ് സിവിൽ എഞ്ചിനീയറിങ് വിഭാഗത്തെക്കൊണ്ട് സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് കൊണ്ടുപോയിട്ടുണ്ടെങ്കിലും പരിശോധനാഫലം ലഭ്യമായിട്ടില്ല.

മണ്ണ് സാമ്പിൾ പരിശോധനാഫലത്തിലെ വ്യത്യാസം നിമിത്തം അനുകൂല കോടതി വിധി ഉണ്ടാകാത്തപക്ഷം ജി എസ് ടി അടവാക്കിയത് തനതുഫണ്ടിലെ നഷ്ടമായി പരിണമിക്കാൻ സാധ്യതയുണ്ട്.
തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.27/12.10.2023)

## 1-13 ആസ്തികളിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ താഴെ കൊടുത്തിരിക്കുന്ന ആസ്തികളിൽ നിന്നും പഞ്ചായത്തിന് നിലവിൽ വരുമാനം ലഭിക്കുന്നില്ല.

| | |
|---|---|
| കാട്ടാകാമ്പൽ പഞ്ചായത്ത് കോൺഫറൻസ് ഹാൾ | 132 ച.മീ |
| ഐ.എച്ച്.ഡി.പി കമ്മ്യൂണിറ്റി ഹാൾ | 240 ച.മീ |
| കുടുംബശ്രീ വിപണന കേന്ദ്രം | 16.50 ച.മീ |

നിലവിൽ ഈ കെട്ടിടങ്ങളിൽ ഏതു തരം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നും, ഗ്രാമപഞ്ചായത്തിന് ഈ കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ വരുമാനം ലഭിക്കുന്നുണ്ടോ എന്നതും സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/12.10.2023) മറുപടി ലഭ്യമാക്കിയില്ല. കോൺഫറൻസ് ഹാൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ മീറ്റിങ്ങുകളും, പരിശീലന പരിപാടികളും നടത്താറുണ്ടെന്നും, അതുപോലെ കുടുംബശ്രീ വിപണന കേന്ദ്രത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പനയും, ആഴ്ചയിൽ ചന്തകൾ നടത്താറുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ച ആസ്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് വരുമാനമൊന്നുമില്ല. അതിനാൽ തനതു വരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തായതിനാൽ ആസ്തികളിൽ നിന്നും വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വ്യാപാരലൈസൻസ് -അപാകങ്ങൾ

കാട്ടാകാമ്പാൽ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.
100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 1095 എണ്ണം
100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 125 എണ്ണം
200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 2 എണ്ണം
200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ – 99 എണ്ണം
വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ – 11
ആകെ – 1332

ഗ്രാമപഞ്ചായത്തിൽ ആകെ 1332 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, ഓൻഡർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിടനമ്പർ അനുവദിച്ച 1332 കെട്ടിടങ്ങളിൽ 451 സ്ഥാപനങ്ങൾ മാത്രമെ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 881 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല.
വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം.37/13.10.2023)

## 1-15 ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തി

ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | VI/88A | ജോസ് വാഴപ്പുള്ളി | ഹൈസ്കൂൾ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| | VI/89 | കെ.ജി മുരളി,കണ്ടംപുള്ളി | ഹൈസ്കൂൾ റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | III/9 | ഫ്ളമിൻ ചെറുവത്തൂർ | പഴഞ്ഞി മങ്ങാട് റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| | III/9A | സൈസൺ ചെറുവത്തൂർ | പഴഞ്ഞി മങ്ങാട് റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| 3 | IX/ 100 | വർഗ്ഗീസ് ചീരൻ,പഴഞ്ഞി | സെൻറ് തോമസ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | IX/101 | തങ്കമ്മ ചെറുവത്തൂർ | സെൻറ് തോമസ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 4 | X/12A | തങ്കമണി കണ്ടിരുത്തി | ദേവി നഗർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | X/ 13 | മോഹനൻ മഠത്തിപറമ്പിൽ | ദേവി നഗർ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | തൃതീയം |
| 5 | X/39 | സുകുമാരൻ ചിറ്റഴി | അരുവായി അമ്പലം റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | പ്രഥമം |
| | X/40 | ജാനകി നങ്ങ്യാർ | അരുവായി അമ്പലം റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2023ലെ നികുതി പരിഷ്കരണ ഡാറ്റാ ശേഖരണം നടക്കുന്ന സാഹചര്യത്തിൽ സഞ്ചയ സേഫ്റ്റ്വെയറിൽ മുഴുവൻ പുതിയ റോഡുകൾ കൂടി ഉൾപ്പെടുത്തി ഡാറ്റ കൂടുതൽ കൃത്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 36/13.10.2023)

## 1-16 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 6 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | പേര് | Purification Status |
|---|---|---|---|

| | | | |
|---|---|---|---|
| 1 | V/31/A | ഹരികൃഷ്ണൻ | Send For Verification |
| 2 | VII/55 | കുഞ്ഞുണ്ണി | Data Entry Started |
| 3 | XIII/133 | സോമൻ | Data Entry Started |
| 4 | XIII/295 | ചന്ദ്രൻ | Data Entry Started |
| 5 | XIII/351 | മടിശ്ശേരി വീട്ടിൽ കുമാരൻ ഭാര്യ ഇന്ദിര | Data Entry Started |
| 6 | XV/474 | ചീരു | Data Entry Started |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/13.10.2023) സോഫ്റ്റ്‌വെയറിലെ സാങ്കേതിക തകരാറുകൾ മൂലം ടി കെട്ടിടങ്ങൾ അതത് ലോഗിനുകളിൽ പ്രോസസ് പെൻഡിംഗ് ആയി ലഭ്യമല്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്തവയാണെന്നും ഇക്കാര്യം ഐ കെ എം ടെക്നിക്കൽ സ്റ്റാഫിനെ അറിയിച്ചിരുന്നുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 45/2022 തീ: 18.4.2022 മുതൽ 110/22 തീ: 26.8.2022 വരെയുള്ള സട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ദാക്ഷായണി | 107230600454 | വിധവ പെൻഷൻ | 15.4.2022 | 48/2022 22.4.2022 | സസ് പെൻഡ് | 5/22 | 1600 | 1600 | 1600 |
| 2 | മാധവി | 107230200629 | വാർദ്ധക്യ കാല പെൻഷൻ | 7.7.2022 | 89/2022 25.7.2022 | സസ് പെൻഡ് | 8/22 | 1600 | 1600 | 1600 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 3200 |

2. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2022 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള മരണറിപ്പോർട്ട് രജിസ്റ്ററിലെ (സർട്ടിഫിക്കറ്റ് നമ്പർ 45/2022 തീ: 18.4.2022 മുതൽ 110/22 തീ: 26.8.2022 വരെയുള്ള സട്ടിഫിക്കറ്റുകൾ) വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ കാട്ടകാമ്പാൽ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | ചിന്ന | 102040203081 | വാർദ്ധക്യകാല പെൻഷൻ | 24.4.2022 | 55/2022 13.5.2022 | സസ് പെൻഡ് | കുന്നംകുളം നഗരസഭ | 5/22 | 1600 | 1600 | 1600 |
| 2 | മൊയ്തുണ്ണി കെ വി | 2220268037 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 4.8.2022 | 101/2022 17.8.2022 | ആക്റ്റീവ് | Agriculture Office, Kattakampaal | 9/22 – 6/23 | 1600 | 16000 | 16000 |
| 3 | ചന്ദ്രൻ പി വി | 2220267946 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 22.7.2022 | 103/2022 19.8.2022 | ആക്റ്റീവ് | Agriculture Office, Kattakampaal | 8/22 – 6/23 | 1600 | 17600 | 17600 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 35200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 23/ 11-10-2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 02.08.2021 ലെ സർക്കുലർ നം.63/2021/ധന. പ്രകാരം മേൽനിർദ്ദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ

ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്. കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ മേൽ പരാമർശിച്ച 3200/- രൂപ തിരികെ അടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം 2022-23 വർഷം മരണപ്പെട്ടവരിൽ കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിൽ അനർഹമായി പെൻഷൻ വാങ്ങുന്നവരുണ്ടോ എന്നുള്ള വിവരം പരിശോധിച്ച് വാങ്ങുന്നുണ്ടെങ്കിൽ അത്തരത്തിലുള്ള മുഴവൻ തുകയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേക്ക് തിരികെ അടവാക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പ്രോജക്റ്റ് : അനുപൂരക പോഷകാഹാര പരിപാടി (29/23)
ഫണ്ട് :
1) വികസന ഫണ്ട് – പൊതുവിഭാഗം
അടങ്കൽ : 850000/-, ചെലവ് : 843011/-
(വൗച്ചർ നം. 42200950/തീ.05.08.2022 -578398/-, വൗച്ചർ നം. 42200990/തീ.24.11.2022 -264613/-)
2) കേന്ദ്രാവിഷ്കൃത ഫണ്ട്
അടങ്കൽ : 1200000/-, ചെലവ് : 54823/-
വൗച്ചർ നം. 22201052/ തീ. 28.03.2023
3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം
അടങ്കൽ: 300000/-, ചെലവ് :160000/-, വൗച്ചർ നം. 42201040/തീ.12.01.2023

അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നത് സംബന്ധിച്ച്
മേൽ പ്രോജക്റ്റ് പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | ബില്ലിൽ നിന്നും പാസ്സാക്കിയിട്ടുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|---|---|
| 1 | 394 | 25.07.2022 | 3520 | 88 | 88 | 3696 | 3300 | |
| 2 | 393 | 25.07.2022 | 35070 | 876.75 | 876.75 | 36823.5 | 36823 | |
| 3 | 385 | 25.06.2022 | 39690 | 992.25 | 992.25 | 41674.5 | 41674 | |
| 4 | 375 | 28.05.2022 | 1700 | 42.5 | 42.5 | 1785 | 1600 | 286280 |
| 5 | 374 | 28.05.2022 | 33320 | 833 | 833 | 34986 | 31360 | |
| 6 | 373 | 28.05.2022 | 3200 | 80 | 80 | 3360 | 3200 | |
| 7 | 372 | 28.05.2022 | 44520 | 1113 | 1113 | 46746 | 46746 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | 361 | 23.04.2022 | 48930 | 1223.25 | 1223.25 | 51376.5 | 51376 | |
| 9 | 362 | 23.04.2022 | 7800 | 195 | 195 | 8190 | 7800 | |
| 10 | 358 | 31.03.2022 | 59430 | 1485.75 | 1485.75 | 62401.5 | 62401 | |
| 11 | 400 | 26.08.2022 | 43050 | 1076.25 | 1076.25 | 45202.5 | 45202 | 197152 |
| 12 | 411 | 27.09.2022 | 39480 | 987 | 987 | 41454 | 41454 | |
| 13 | 413 | 27.09.2022 | 32000 | 800 | 800 | 33600 | 30000 | |
| 14 | 412 | 27.09.2022 | 3900 | 97.5 | 97.5 | 4095 | 4095 | |
| 15 | 414 | 27.09.2022 | 880 | 22 | 22 | 924 | 825 | |
| 16 | 425 | 26.10.2022 | 48951 | 1165.5 | 1165.5 | 48951 | 48951 | |
| 17 | 426 | 26.10.2022 | 30523.5 | 726.75 | 726.75 | 30523.5 | 25650 | |
| 18 | 427 | 26.10.2022 | 1160.25 | 27.625 | 27.625 | 1160.25 | 975 | |
| 19 | 432 | 25.11.2022 | 43260 | 1081.5 | 1081.5 | 45423 | 7642 | 7642 |

CGST ആക്റ്റ് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അമൃതം ഫുഡ് സപ്ലിമെന്റ്, കടങ്ങോട് എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/11.10.2023) 2022-23 വർഷത്തിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല, തുടർവർഷങ്ങളിൽ ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർവർഷങ്ങളിൽ ജി.എസ്.റ്റി. ടി.ഡി.എസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്-അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം / പേര് | 160/23- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത നല്കൽ |
| ഫണ്ട് -അടങ്കൽ/ ചെലവ് | വികസന ഫണ്ട് - 750000 /750000<br>ബ്ലോക്ക് വിഹിതം- 350000/350000<br>ആകെ- 1450000/1100000 |
| വൗച്ചർ നം/ തിയ്യതി-തുക | 42200980/07.11.2022- 500000,<br>42201023 / 03.01.2023- 54000,<br>42201207 / 28.03.2023 – 196000<br><br>42200984 / 15.11.2022 - 117600<br>42201178 / 23.03.2023 – 183400<br>42201179/ 23.03.2023 – 49000 |

മേൽ പ്രൊജക്ടിൽ സബ്സിഡി മാർഗ്ഗരേഖ സ.ഉ. കൈ 115/2022/ എൽ.എസ്.ജി.ഡി തി.28.05.22 ഖണ്ഡിക 7.1.6(ബി) യിൽ പറയുന്നതിനേക്കാൾ അധികം തുക സ്കോളർഷിപ്പ് ഇനത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക്ക് നൽകി. വിശദാംശം താഴെ ചേർക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് 28500/- രൂപയാണ് നൽകേണ്ടത്. എന്നാൽ അയിഷ ടി (CP(MR)) എന്ന കുട്ടിക്ക് 18000/-, 4500/-, 8000/- എന്നിങ്ങനെ 3 ഗഡുക്കളായി 30500/- നല്കിയിട്ടുണ്ട്. അനുവദനീയമായതിലും 2000/- രൂപ കൂടുതൽ നല്കിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/11.10.2023) പ്രസ്തുത വിവരം ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക തുടർവർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-20 പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി -- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറിസർജൻ |
| പ്രോജക്ട് | S156/23 – പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി ജനറൽ വനിത |
| ഫണ്ട് | വികസനഫണ്ട് -- പൊതുവിഭാഗം |
| അടങ്കൽ | 200000 |
| ചെലവ് | 200000 |
| വൗച്ചർ നം,തുക | 42201143/ 15.03.2023 |
| കൈപ്പറ്റിയ സ്ഥാപനം | ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബിപി, തൃശ്ശൂർ |

16 ഗുണഭോക്താക്കളുടെ വിഹിതമായി ഒരാൾക്ക് 12500 രൂപ നിരക്കിൽ (സംസ്ഥാന വിഹിതമുൾപ്പെടെ) 200000 രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബിപി ക്ക് കൈമാറി. വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറിക്ക് (12/11-10-23) മറുപടിയായി പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗവിവരം ലഭ്യമാക്കുന്നതാണ് എന്ന് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്

## 1-21 എസ്.എസ്.കെ-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 41/23 എസ്.എസ്.കെ |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| വൗച്ചർ നം,തുക | 42200309/26-8-22, 300000 |
| തുക കൈമാറിയ വിവരം | ബ്ലോക്ക് പ്രോജക്റ്റ് കോഓർഡിനേറ്റർ, സമഗ്ര ശിക്ഷ, കേരള |
| ഫണ്ട് | CFC |

ബ്ലോക്ക് പ്രോജക്റ്റ് കോഓർഡിനേറ്റർക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രശീത്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(25-11/10/23) രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കൈപ്പറ്റ് രശീത്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

സർക്കാർ ഉത്തരവ്,സ.ഉ(കൈ) നം115/22/LSGD/തീയതി.28-5-22 ഖണ്ഡിക 7-2പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം, മറ്റു ആനുകൂല്യങ്ങൾ എന്നിവ നൽകുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് സമാന രീതിയിൽ ധനസഹായം, ആനുകൂല്യങ്ങൾ എന്നിവ ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന രണ്ടു പ്രോജക്റ്റുകളുടെ ഫയൽ പ്രകാരം

വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല, ധനസഹായം കൈമാറിയതിന്റെ UTR സ്റ്റേറ്റുമെന്റും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് | 165/23, എസ്.സി.വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 525000 |
| ചെലവ് | 397500 |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| വൗച്ചർ നം,തുക | 42201145/15-3-23 -120000<br>42201146/15-3-23 -127500<br>42201198/28-3-23-60000<br>42201199/28-3-23-7500<br>42201260/28-3-23-15000<br>42201230/31-3-23-15000<br>42201231/31-3-23-52500 |
| ആകെ | 397500 |

2.

| | |
|---|---|
| പ്രോജക്റ്റ് | 162/23 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | 637448 |
| ചെലവ് | 614040 |
| വൗച്ചർ നം, തുക | 42201037/11-1-23,614040 |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി),തനത് |

ക്രമ നം 2 പ്രോജക്റ്റിലെ ഗുണഭോക്താവ്,ശിവപ്രസാദ്.കെ.എസ്. എന്ന വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/11-10-23)പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ ചെലവു തുക10,11,540 (397500+614040) തടസ്സപ്പെടുത്തുന്നു.

## 1-23 വീട് വാസയോഗ്യമാക്കൽ, ഭവന നിർമ്മാണം എന്നീവ പൂർത്തീകരിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ, ഭവന നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്റ്റ്- 78/23, വീട് വാസയോഗ്യമാക്കൽ (ജനറൽ)

ഫണ്ട്-വികസന ഫണ്ട് (ജനറൽ)

അടങ്കൽ-800000

ചെലവ്-650000

വൗച്ചർ നം,തുക

1.42201024/4-1-23- 75000

2.42201025/4-1-23- 50000

3.42201048/17 -1 -23- 75000

4.42201049/17-1-23- 25000

5.42201052/21-1-23- 25000

6.42201053/24-1-23- 25000

7.42201056/25-1-23- 50000

8.42201060/28-1-23- 25000

9.42201081/8-2-23- 50000

10.42201082/8-2-23- 75000

11.42201097/16-2-23- 25000

12.42201152/15-3-23- 25000

13.42201154/15-3-23- 25000

14.42201166/21-3-23- 25000

15.42201167/21-3-23- 25000

16.42201222/29-3-23- 25000

17.42201227/30-3-23- 25000

ആകെ-6,50,000

| ഗുണഭോക്താവ് | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|
| കദീജ.എൻ.കെ<br>തൊട്ടത്തെയിൽ<br>സ്രായിൽ,കാട്ടകാമ്പാൽ | 25000/21-3-23 |
| ശാന്ത,കെ.<br>മൂലേപ്പാട്ട്<br>പെങ്ങാമുക്ക് | 25000/16-1-23 |

പ്രവൃത്തികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

2.പ്രോജക്റ്റ് - 75/23ലൈഫ് ഭവനം (എസ്.സി.പി)

അടങ്കൽ – 8800000

ഫണ്ട് – വികസന ഫണ്ട് (ജനറൽ) 500000
വികസന ഫണ്ട് – (എസ്.സി.പി) – 1971645

സംസ്ഥാനവിഹിതം -2000000

ബ്ലോക്ക് വിഹിതം -2028355

ജില്ല പഞ്ചായത്ത് -2300000

ചെലവ് – 2960000

വികസന ഫണ്ട് (ജനറൽ) – 488355
വികസന ഫണ്ട് (എസ്.സി.പി) –1971645

ബ്ലോക്ക് വിഹിതം -500000

| ക്രമ നം. | ഗുണഭോക്താവ് | ഗഡു | തീയതി | നിലവിലെ അവസ്ഥ(തൻ വർഷം) |
|---|---|---|---|---|
| 1. | കണ്ണൻ,പി.സി. പാലയൂർ പറമ്പിൽ, പഴഞ്ഞി | 40000(1)<br>160000(2) | 18-3-21<br>25-1-23 | തറ പൂർത്തിയായി |
| 2. | പ്രസാദ്, ചെറൂളയിൽ പെങ്ങാമുക്ക് | 40000(1)<br>160000(2) | 16-12-22<br>28-3-23 | തറ പൂർത്തിയായി |
| 3. | പ്രമോദ്, ചെറൂളയിൽ പെങ്ങാമുക്ക് | 40000(1)<br>160000(2) | 16-12-22<br>16-2-23 | തറ പൂർത്തിയായി |
| 4. | വിനോദ് മാളിയേക്കൽ ചിറക്കൽ | 40000(1)<br>160000(2)<br>100000(3) | 30-7-21<br>16-2-22<br>20-8-22 | ചുമർ പൂർത്തിയായി |

മേൽ ഗുണഭോക്താക്കൾ നിലവിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11-10-23) ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ജനകീയ ഹോട്ടലിന് വാടക,കറന്റ് ബിൽ - തുക മുൻകൂറായി അനുവദിച്ചത്

| | |
|---|---|
| പ്രോജക്റ്റ് | 147/23 ജനകീയ ഹോട്ടലിന് വാടക, കറന്റ് ബിൽ |
| അടങ്കൽ | 100000 |
| ചെലവ് | 100000 |
| ഫണ്ട് | വികസന ഫണ്ട് |
| വൗച്ചർ നം,തുക | 42200968/14-10-22,100000 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ജനകീയ ഹോട്ടലിന് വാടക ,കറന്റ് ബിൽ എന്നിവ നൽകുന്നതിനായി തൻ വർഷം (14-10-22)100000 രൂപ സിഡിഎസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (അക്കൗണ്ട് നം.00110010021531, Dhana Lakshmi Bank, Pazhanji). എന്നാൽ ഈ തുക തൻ വർഷം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകൾ ഒന്നും തന്നെ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. മുൻ വർഷങ്ങളിലും സമാന രീതിയിൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകൾ അതത് വർഷം പൂർണ്ണമായുംചെലവഴിച്ചിട്ടില്ല.

സി ഡി എസിന്റെ ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക | തീയതി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2020-21 | 100000 | 30/1/21 | 107150 | -7150 |
| 2021-22 | 100000 | 27-1--21 | 79108 | 13742 |

| | | | | |
|---|---|---|---|---|
| 2022-23 | 100000 | 10-10-22 | 65321 | 48421 |
| ആകെ | 300000 | | 2,51,579 | 48421 |

ജി.ഒ(പി)177/2006/fin.dt.12-4-2006 ഖണ്ഡിക 6പ്രകാരം ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല. സാമ്പത്തിക വർഷാവസാനം വിനിയോഗിക്കാത്ത തുകകൾ (വികസന ഫണ്ട്) സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.മേൽ ഉത്തരവ് പാലിച്ചിട്ടില്ല. വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 26/12-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച കൊണ്ട് പദ്ധതികൾ നടപ്പിലാക്കേണ്ടതും, സാമ്പത്തിക വർഷാവസാനം വിനിയോഗിക്കാത്ത തുകകൾ സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

## 1-25 മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി എച്ച് സി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ, പേര് -34/ 23 , സമഗ്രാരോഗ്യം
ഫണ്ടിനം : ധനകാര്യ കമ്മിഷൻ അവാർഡ് -ബേസിക് ഗ്രാന്റ്
അടങ്കൽ :100000/-
ചെലവ് : 100000/-
വൗച്ചർ നം : 42200738/15.2.2023 (92000/- രൂപ)
42200761/25.2.2023 (12700/- രൂപ)
പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A. മേൽ പദ്ധതിയുടെ വിവിധ ആവശ്യങ്ങൾക്കായി ദിവസം 800 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. എന്നാൽ 16.1.23,17.1.23, 21.2.23 എന്നീ തീയതികളിൽ വാഹനം ഓടിയതിനു യഥാക്രമം 1100,1100,1200 എന്നിങ്ങനെ വാഹന വാടക മേൽ വൗച്ചറുകൾ മുഖേന നൽകിയിട്ടുണ്ട്. ഇപ്രകാരമ 1000 രൂപ (300+300+400) അധികം ചെലവഴിച്ചിട്ടുണ്ട്.
B. പദ്ധതിയുടെ വിവിധ ആവശ്യങ്ങൾക്കായി 800 രൂപ നിരക്കിൽ വാഹനം ഓടുന്നതിനുള്ള ക്വട്ടേഷൻ അംഗീകരിച്ച കൊണ്ടുള്ള തീരുമാനം ലഭ്യമല്ല.
C. വാഹന ഉടമയുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമല്ല.

2.

| ക്രമ നമ്പർ | പ്രോജക്ട് വിവരങ്ങൾ |
|---|---|
| 1 | പ്രോജക്ട് നമ്പർ,പേര് : 119/ 23 ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ<br>ഫണ്ടിനം : വികസന ഫണ്ട് - പൊതുവിഭാഗം – സാധാരണ വിഹിതം (300000), ബ്ലോക്ക് പഞ്ചായത്ത് വിഹിതം (500000) &ജില്ലാ പഞ്ചായത്ത് വിഹിതം (500000)<br>അടങ്കൽ :1300000/-<br>ചെലവ് : 300000/-<br>വൗച്ചർ നം :<br>42201031/5.1.2023 (180000/- രൂപ)<br>42201085/9.2.2023(24000/- രൂപ)<br>42201102/20.2.2023 (32000/- രൂപ)<br>42201109/22.2.2023 (16000/- രൂപ)<br>42201114/23.2.2023 (24000/- രൂപ) |

| | |
|---|---|
| | 42201224/29.3.2023 (24000/- രൂപ) |
| 2 | പ്രോജക്റ്റ് നമ്പർ,പേര് : 205/23 അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ – കിഡ്നി രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകൽ<br>ഫണ്ടിനം : വികസന ഫണ്ട് - പൊതുവിഭാഗം – സാധാരണ വിഹിതം (78000),<br>അടങ്കൽ :78000/-<br>ചെലവ് : 78000/-<br>വൗച്ചർ നം :<br>42201032/5.1.2023 (54000/- രൂപ)<br>42201084/9.2.2023 (8000/- രൂപ)<br>42201176/22.3.2023 (12100/- രൂപ)<br>42201183/24.3.2023 (3900/- രൂപ) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ, സ.ഉ. (കൈ) നം.115/2022/LSGD Dt.28.05.2022 ഖണ്ഡിക 7.6.7 പ്രകാരം ഇത്തരം പ്രോജക്ടുകൾ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.15(1), 2.15(2) എന്നിവയിലെ വരുമാന പരിധിക്ക് വിധേയമായി നടപ്പിലാക്കേണ്ടതും ഖണ്ഡിക 2.16 ലെ വ്യവസ്ഥകൾ പ്രകാരം വരുമാനം തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. മേൽ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ വേണ്ടിയുള്ള പഞ്ചായത്തിന്റെ മുൻഗണന മാനദണ്ഡം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | മുൻഗണന മാനദണ്ഡം |
|---|---|
| 119/ 23 ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകൽ | • വൃക്ക രോഗികൾ<br>• പെയിൻ ആൻഡ് പാലിയേറ്റിവിൽ രജിസ്ട്രേഷൻ<br>• ശാരീരിക അവസ്ഥ<br>• കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിലെ നിവാസികൾ<br>• സ്ഥിരമായി ഡയാലിസിസ് ചെയ്യുന്നവർ |
| 205/23 അതിദരിദ്രർക്കുള്ള മൈക്രോ പ്ലാൻ -കിഡ്നി രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകൽ | • വൃക്ക രോഗികൾ<br>• പെയിൻ ആൻഡ് പാലിയേറ്റിവിൽ രജിസ്ട്രേഷൻ<br>• ശാരീരിക അവസ്ഥ<br>• കാട്ടാകാമ്പാൽ ഗ്രാമപഞ്ചായത്തിലെ നിവാസികൾ<br>• സ്ഥിരമായി ഡയാലിസിസ് ചെയ്യുന്നവർ |

എന്നാൽ മേൽ പ്രോജക്ടുകളുടെ ഫയലിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, വരുമാന വിവരങ്ങൾ, അപേക്ഷകൾ, പെയിൻ ആൻഡ് പാലിയേറ്റിവിൽ രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/ 10-10-2023) മറുപടി ലഭ്യമാക്കിയില്ല.

വ്യക്തമായ മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ക്രമ നമ്പർ 1 ൽ അധികമായ ചെലവഴിച്ച 1000/-രൂപയും (300+300+400) ക്രമ നമ്പർ 2 ലെ 1&2 പ്രോജക്ടുകൾക്കായി മേൽ പരാമർശിച്ച വൗച്ചറുകൾ പ്രകാരം ചെലവഴിച്ച 3780000/- രൂപയും(300000+78000) അടക്കം 3781000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി-വാർഷിക കണക്കുകൾ സമർപ്പിച്ച വിവരം ലഭ്യമല്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ സ.ഉ(ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യു.ഡി തീ. 03.12.2004 പ്രകാരം രൂപീകൃതമായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

കാട്ടകാമ്പാൽ ഹോമിയോ ഡിസ്പെൻസറി, പഴഞ്ഞി സി.എച്ച്.സി, കാട്ടകാമ്പാൽ ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി അവസാനം സമർപ്പിച്ചത് ഏത് സാമ്പത്തിക വർഷത്തിലാണെന്നും 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ തുടർച്ചയായ കണക്കുകൾ സമർപ്പിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13/10.10.2023) മറുപടി ലഭ്യമാക്കിയില്ല.

കാട്ടകാമ്പാൽ ഹോമിയോ ഡിസ്പെൻസറി, പഴഞ്ഞി സി.എച്ച്.സി, കാട്ടകാമ്പാൽ ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ 2022-23 വരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്ക് തയ്യാറാക്കി സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 മരുന്നുകൾ പൂർണമായും ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി എച്ച് സി വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് (പദ്ധതി പ്രകാരം മരുന്ന് വാങ്ങാനായി ചെലവഴിച്ച തുക) | ബിൽ നം /ചെക്ക് നം/വൗച്ചർ നം | പദ്ധതി വിവരങ്ങൾ | | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | അടങ്കൽ | ചെലവ് | ഫണ്ടിനം | |
| 1 | 42/23 പെയിൻ ആൻഡ് പാലിയേറ്റിവ് | PRF5809/ 27.3.2023 (207830/- രൂപ) | Vr.42201225/ 29.3.2023 (207830 രൂപ) | 750000 | 725050 | വികസന ഫണ്ട് പൊതുവിഭാഗം – സാധാരണ വിഹിതം | മരുന്നൊന്നും ലഭ്യമായിട്ടില്ല. |
| 2 | 31/23 സി എച്ച് സി യിലേക്ക് മരുന്നു വാങ്ങൽ – ജീവിത | PRF 2793/ 6.12.2022 (300000/- രൂപ) | Vr.42201017/ 22.12.2022 (300000/- രൂപ) | 300000 | 300000 | മെയിന്റനൻസ് ഫണ്ട്- റോഡിതരം | മരുന്നൊന്നും ലഭ്യമായിട്ടില്ല. |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശൈലി രോഗികൾക്ക് | | | | | | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/10.102023) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്നതിന്റെ പുരോഗതി യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീത്, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല.

1.

| | |
|---|---|
| പ്രോജക്റ്റ് | S021/23 – ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ |
| ഫണ്ട് | വികസനഫണ്ട് -- പൊതുവിഭാഗം |
| അടങ്കൽ | 75288 |
| ചെലവ് | 75288 |
| വൗച്ചർ നം | 42200958/20/08/2022 |
| കൈപ്പറ്റിയഏജൻസി | എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |

ഇൻഫർമേഷൻ കേരള മിഷന്റെ 09.03.2023 ലെ 762/A7/IKM/2023 നം. കത്തുപ്രകാരമാണ് തുക കൈമാറിയത്.

2.

| | |
|---|---|
| പ്രോജക്റ്റ് | S152/23 – ഇൻഫർമേഷൻ കേരള മിഷന് കുടിശ്ശിക തുക നൽകൽ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് --അടിസ്ഥാനവിഹിതം |
| അടങ്കൽ | 42761 |
| ചെലവ് | 42761 |
| വൗച്ചർ നം | 42200959/ 20/08/2022 |
| കൈപ്പറ്റിയഏജൻസി | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം |

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഐ കെ എം നൽകിയ 23.02.2022 ലെ IKM/A7/358/2022നം, കത്തുപ്രകാരമാണ് തുക കൈമാറിയത്. 2017-18 ലെ കുടിശ്ശിക 42538 രൂപ, 2021-22ലെ 223 രൂപ എന്നിവ ഉൾപ്പെടുത്തിയാണ് തുക നൽകിയത്.

3.

| | |
|---|---|
| പ്രോജക്റ്റ് | S217/23 – പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| ഫണ്ട് | തനതുഫണ്ട് |
| അടങ്കൽ | 30000 |
| ചെലവ് | 30000 |
| വൗച്ചർ നം | 22200817/ 18/01/2023 |
| കൈപ്പറ്റിയഏജൻസി | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, |

| | |
|---|---|
| | പി എ യു 1, വെങ്കിടങ്ങ് |

പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ 07.10.22 ലെ A1/209/ 2018 നം. കത്തു പ്രകാരമാണ് തുക കൈമാറിയത്.

ഓഡിറ്റ് എൻക്വയറി (3/9.10.23) ക്ക് മറുപടിയായി ഐ കെ എം 2021-22 വരെയുള്ള വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കി എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഐ കെ എം ലഭ്യമാക്കിയ 26.09.2023 ലെ 762/എ7/ഐ കെ എം/2023 വിനിയോഗസാക്ഷ്യപത്രത്തിൽ S152/23 പ്രകാരം കൈമാറിയ 42761 രൂപയും (2017-18 ലെ കുടിശ്ശിക 42538 രൂപ, 2021-22ലെ 223 രൂപ) ഇനിയും അടവാക്കാനുള്ള കുടിശ്ശിക ആയിട്ടാണ് ചേർത്തിട്ടുള്ളത്. ആയത് ക്രമീകരിക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 1 പ്രകാരം 2022-23ൽ ഐ കെ എം ന് നൽകിയ തുകകളുടെയും, ക്രമ നമ്പർ 3 പ്രകാരം ചെലവഴിച്ച തുകകളുടെയും വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-29 ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് | S159/23 – താൽക്കാലികഎം എംസിഎഫ് കെട്ടിടത്തിലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ |
